പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 4973 — 23.03.2018-ൽ മറുപടിയ്ക്ക്

സ്വന്തം പുരയിടത്തിൽ വളർത്തുവാനും സംരക്ഷിക്കുവാനും പാടില്ലാത്ത മരങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | അഡ്വ.കെ.രാജു (വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് സ്വന്തം പുരയിടത്തിൽ വളർത്തുവാനും സംരക്ഷിക്കുവാനും പാടില്ലാത്ത മരങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) സ്വന്തം പുരയിടത്തിൽ വളർത്തുവാനും സംരക്ഷിക്കുവാനും പാടില്ലാത്ത മരങ്ങൾ ഒന്നും തന്നെ ഇല്ല. |
| (ബി) സ്വന്തം പറമ്പിലും പുരയിടങ്ങളിലും നട്ടുവളർത്തുന്ന ഇത്തരം മരങ്ങളെ സംരക്ഷിച്ചതിന്റെ പേരിൽ ഉടമസ്ഥർ നിയമനടപടികൾ നേരിടുന്ന കാര്യം വനം വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; | (ബി) സ്വന്തം പറമ്പിലും പുരയിടങ്ങളിലും നട്ടുവളർത്തുന്ന മരങ്ങളെ സംരക്ഷിച്ചതിന്റെ പേരിൽ ഉടമസ്ഥർ നിയമ നടപടികൾ നേരിടുന്ന കാര്യം വനം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ചന്ദനമരം വളർത്തുന്നതിൽ തടസ്സമൊന്നുമില്ലെങ്കിലും സ്വന്തമായി മുറിച്ച് വിൽപന നടത്തുന്നത് നിരോധിച്ചിട്ടുള്ളതാണ്. ഉടമസ്ഥൻ അധികാരപ്പെട്ട വനം വകുപ്പ് ഉദ്യോഗസ്ഥന് യഥാവിധി അപേക്ഷ സമർപ്പിക്കേണ്ടതും ടി ഉദ്യോഗസ്ഥർ ചന്ദനമരം പരിശോധിച്ച് മുറിക്കുവാൻ അനുവദനീയമായവ മുറിച്ച് മറയൂർ ചന്ദന ഡിപ്പോയിലെത്തിച്ച് വിൽപന നടത്തി ചിലവ് കഴിച്ചുള്ള ലേലത്തുക ഉടമസ്ഥന് നൽകുന്നതിനുള്ള വ്യവസ്ഥ നിലവിലുണ്ട്. |
| (സി) സ്വന്തം പറമ്പിൽ ഇത്തരം മരങ്ങൾ വളർത്തുവാൻ പാടില്ലെന്ന എന്തെങ്കിലും ഉത്തരവുകളോ നിർദ്ദേശങ്ങളോ നിലവിലുണ്ടോ; | (സി) ഇല്ല. |

| | |
|---|---|
| (ഡി) ഇത്തരം മരങ്ങൾ നട്ടുവളർത്തി-യതിന്റെ പേരിലുള്ള നിയമ നടപടികൾ നേരിടുന്നത് സംബന്ധിച്ച വ്യക്തമായ വിവരം ലഭ്യമാക്കുമോ? | (ഡി) മരങ്ങൾ നട്ടുവളർത്തിയതിന്റെ പേരിൽ നിയമ നടപടികൾ നേരിടുന്നതായി വനം വകുപ്പിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ